Regd. with A/D

**അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം,**
**കേരളം, എറണാകുളം, കൊച്ചി – 682031**
ഫോൺ (PABX): 0484 - 2395050, 2395052, 2395078,
ഫാക്സ്: 0484 2394674
ഇമെയിൽ : advocategeneralkerala@gmail.com

എഡി.എ 1/50075/2011

തീയതി : 29.07.2023

## കുറ്റാരോപണ മെമ്മോ

വിഷയം : ഭരണവിഭാഗം - അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം - അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് ശ്രീ.ആഷിഫ്.കെ.എം., അസിസ്റ്റന്റ് -ന് കുറ്റാരോപണ മെമ്മോ നൽകുന്നത് - സംബന്ധിച്ച്.

സൂചന :
1. 30.11.2011 തീയതിയിലെ സ.ഉ (കൈ) നം. 196/11/നിയമം നമ്പർ സർക്കാർ ഉത്തരവ്.
2. 30.04.2012 തീയതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ M1-50075/2011 നമ്പർ ഉത്തരവ്.
3. 24.01.2017 തീയതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ എഡി.എ 1-50075/2011 നമ്പർ ഉത്തരവ്.
4. 09.12.2021, 16.03.2022 തീയതികളിലെ താങ്കളുടെ അപേക്ഷകൾ.
5. 04.03.2022, 02.07.2022 തീയതികളിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്തുകൾ.
6. 27.06.2023 തീയതിയിലെ OA(EKM) 411/2022 നമ്പർ കേസിലെ വിധിന്യായം.

*******

ഈ കാര്യാലയത്തിലെ അസിസ്റ്റന്റ് ആയ ശ്രീ. ആഷിഫ് കെ.എം. എന്ന താങ്കൾക്ക് കെ.എസ്.ആർ ഭാഗം I അനുബന്ധം XII എ പ്രകാരം 01.05.2012 മുതൽ 29.04.2022 വരെ രണ്ട് തവണയായി 5 വർഷം വീതം തുടർച്ചയായി മൊത്തം 10 വർഷം സൂചന (1), (2), (3) ഉത്തരവുകൾ പ്രകാരം വിദേശത്ത് സ്വകാര്യ ജോലിയ്ക്കായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടി അവധിയ്ക്ക് ശേഷം 30.04.2022 മുതൽ താങ്കൾ അനധികൃതമായി ജോലിയ്ക്ക് ഹാജരായിട്ടില്ല. നിലവിൽ വിദേശത്ത് 6 വർഷത്തെ കോൺട്രാക്ട് കാലാവധിയിൽ ജോലി ചെയ്യുകയാണെന്നും കോൺട്രാക്ട് 30.06.2023 വരെ ഉള്ളതിനാൽ 30.06.2023 വരെ അവധി ദീർഘിപ്പിച്ചു നൽകണമെന്നുള്ള താങ്കളുടെ സൂചന (4) അപേക്ഷകൾ ഈ കാര്യലായത്തിൽ നിന്ന് സർക്കാരിലേക്ക് അയയ്ക്കുകയും അവധി ദീർഘിപ്പിച്ചു നൽകാനാവില്ലെന്ന് സർക്കാരിൽ നിന്ന് അറിയിച്ച വിവരം സൂചന (5) കത്തുകൾ പ്രകാരം താങ്കളെ അറിയിച്ചിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശമ്പളരഹിത അവധി ദീർഘിപ്പിച്ചു നൽകുന്നതിനായി താങ്കൾ ഫയൽ ചെയ്ത OA (EKM) 411/2022 നമ്പർ കേസ് സൂചന (6) വിധിന്യായ പ്രകാരം 'Dismissed as not pressed' എന്ന് തീർപ്പാക്കിയിട്ടുമുണ്ട്. ടി കേസിൽ താങ്കൾ ആവശ്യപ്പെട്ട സമയപരിധി ആയ 30.06.2023 തീയതിക്കു ശേഷവും താങ്കൾ ജോലിയ്ക്ക് ഹാജരാകുകയോ തക്കതായ കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല. 05.11.2020 തീയതിയിലെ സ.ഉ (അ) 152/2020/ധന പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി സർവ്വീസിൽ പരമാവധി 5 വർഷമായി ചുരുക്കിയിട്ടുണ്ട്.

ആയതിനാൽ 30.04.2022 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുക വഴി താങ്കൾ സർവ്വീസ് ചട്ടങ്ങൾ ലംഘിച്ചിരിക്കുന്നു.

1960 -ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ, അപ്പീൽ) ചട്ടങ്ങൾ, കെ.എസ്.ആർ ഭാഗം I ചട്ടം 24 എ, അനുബന്ധം XII എ, ചട്ടം 9 എന്നിവ പ്രകാരം താങ്കൾക്കെതിരെ അച്ചടക്കനടപടിയെടുക്കാതിരിക്കുന്നതിന് തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത കാരണങ്ങൾ ഈ അറിയിപ്പ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം നൽകേണ്ടതാണ്. നേരിട്ട് കാര്യം ബോധിപ്പിക്കാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ആ വിവരവും കൂടി അറിയിക്കേണ്ടതാണ്. മറുപടി സമർപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്കു മുൻപ് ഏതു ദിവസവും താങ്കളുടെ താൽപ്പര്യ പ്രകാരം മുൻകൂട്ടി നിശ്ചയിക്കുന്ന ഏത് തീയതിയിലും ആരോപണപത്രികയിൽ പറഞ്ഞിട്ടുള്ള ബന്ധപ്പെട്ട റിക്കാർഡുകൾ താങ്കൾക്ക് പരിശോധിക്കാവുന്നതും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാകുന്നു. മറുപടി യഥാസമയം ലഭ്യമായില്ലെങ്കിൽ താങ്കൾക്ക് വിശദീകരണമൊന്നും നൽകാനില്ല എന്ന അനുമാനത്തിൽ തുടർ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ കുറ്റാരോപണത്തിന്റെ ഒരു പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## ആരോപണ പത്രിക

സർക്കാർ ഉത്തരവ് (സാധാ) നം.196/2011/നിയമം തീയതി 30.11.2011, ഈ കാര്യാലയത്തിലെ 30.04.2012 തീയതിയിലെ M1-50075/2011 നമ്പർ ഉത്തരവ്, 24.11.2017 തീയതിയിലെ എഡി.എ 1-50075/2011 നമ്പർ ഉത്തരവ് എന്നിവ പ്രകാരം ആഷിഫ് കെ.എം എന്ന താങ്കൾക്ക് കെ.എസ്.ആർ ഭാഗം I -ലെ അനുബന്ധം XII എ -യിലെ വ്യവസ്ഥകൾക്ക് വിധേയമായി രണ്ട് ഘട്ടങ്ങളിലായി വിദേശത്ത് സ്വകാര്യ ജോലിയ്ക്കായി 10 വർഷം തുടർച്ചയായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടി ശൂന്യവേതനാവധിയ്ക്ക് ശേഷം 30.04.2022 തീയതിയിൽ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ താങ്കൾ ജോലിയ്ക്ക് ഹാജരാകേണ്ടതായിരുന്നു. എന്നാൽ ശൂന്യവേതനാവധി കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാൽ താങ്കൾ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുക എന്ന കുറ്റം ചെയ്തിരിക്കുന്നു.

31/10/23

കെ. ഗോപാലകൃഷ്ണ കുറുപ്പ്
അഡ്വക്കേറ്റ് ജനറൽ

ശ്രീ. ആഷിഫ് കെ.എം.,
കോന്നൻകുടി വീട്
ആശ്രമം ഹൈസ്കൂളിന് സമീപം
പെരുമ്പാവൂർ, എറണാകുളം -683542